**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4418** **06-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിലെ പ്ലാന്റേഷനുകൾ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസം വകുപ്പുമായി ചേർന്ന് വ്യവസായ മേഖലകളിലെ പ്ലാന്റേഷനുകൾ ഉത്തരവാദിത്ത ടൂറിസം, എക്കോ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (എ) | ടൂറിസം വകുപ്പുമായി ചേർന്ന് പ്ലാന്റേഷനുകൾ ഉത്തരവാദിത്ത ടൂറിസം, എക്കോ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ പ്ലാന്റേഷനുകളിൽ "എക്കോ ടൂറിസം" പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി കോഴിക്കോട് വെച്ച് പ്ലാന്റേഷൻ മേഖലയിലെ രാജ്യാന്തര വിദഗ്ധരുടെ നേതൃത്വത്തിൽ "എക്കോ ടൂറിസം" എന്ന വിഷയം ആസ്പദമാക്കി കേരളത്തിലെ പ്ലാന്റേഷൻ ടൂറിസത്തിന്റെ പുനർരൂപകൽപ്പന, പ്ലാന്റേഷനുകളിൽ ഉത്തരവാദിത്ത ടൂറിസത്തിനുള്ള സാധ്യതകൾ, പ്ലാന്റേഷൻ ടൂറിസം - ടൂറിസം വ്യവസായത്തിൽ നിന്നുള്ള ഒരു കാഴ്ചപ്പാട്, ഉത്തരവാദിത്ത ടൂറിസത്തിൽ പരമ്പരാഗത വാസ്തുവിദ്യ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിൽ സെമിനാർ നടത്തുകയുണ്ടായി. തുടർന്ന് കേരളത്തിലെ തോട്ടം മേഖലയിൽ നിലവിലുള്ള എക്കോ ടൂറിസം ഉദ്യമങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനുള്ള സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ